# ഇടയലേഖനം

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലിത്താ കർദ്ദിനാൾ വർക്കി വിതയത്തിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലിത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ആശംസകൾ ഏവർക്കും നേരുന്നു. തോമ്മാശ്ലീഹായുടെ വിശ്വാസ ധീരത ഏതു പ്രതിസന്ധിയുടെ മദ്ധ്യത്തിലും നാം കാത്തു പരിപാലിക്കണമെന്ന് ദുക്റാനത്തിരുന്നാൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഓർമ്മിക്കുന്ന വ്യക്തിയെ അനുസരിക്കാനാവണം. തോമ്മാശ്ലീഹായോടുള്ള ഭക്തി വിശുദ്ധനെ അനുകരിക്കുന്നതിലേയ്ക്ക് നയിക്കണം.

ദൈവിക പുണ്യങ്ങളുടെ കേദാരമാണ് തോമ്മാശ്ലീഹായെന്ന് വി. ഗ്രന്ഥം സാക്ഷിക്കുന്നു. യോഹന്നന്റെ സുവിശേഷത്തിൽ മൂന്ന് സന്ദർഭങ്ങളിലാണ് മാർത്തോമ്മാശ്ലീഹായെ നാം കണ്ടുമുട്ടുന്നത്. ഓരോ സന്ദർഭത്തിലും ഓരോ ദൈവിക പുണ്യത്തിന്റെ പരമകോടി വി. തോമസ്സിൽ നാം ദർശിക്കുന്നു. 'നമുക്കും അവനോടു കൂടെ പോയി മരിക്കാം' (യോഹ 11:16) എന്നു പറയുന്ന തോമ്മാശ്ലീഹായിൽ മിശിഹായോടുള്ള തികഞ്ഞ സ്നേഹം നമുക്കു ദർശിക്കാം. വഴിയും സത്യവും ജീവനുമായ മിശിഹായിൽ (യോഹ14:6) തന്നെത്തന്നെ സമർപ്പിക്കാനുള്ള തീരുമാനം മിശിഹായിലുള്ള ശരണത്തിന്റെ പ്രതിഫലനമാണ്. അവസാനം ഉത്ഥിതനെ കണ്ടുമുട്ടുമ്പോൾ' എന്റെ കർത്താവേ എന്റെ ദൈവമേ' (യോഹ 20:28) എന്നു വിളിച്ചുകൊണ്ട് വിശ്വാസത്തിന്റെ ഉദാത്തഭാവം ആവിഷ്ക്കരിക്കാൻ തോമ്മാശ്ലീഹായ്ക്കു സാധിച്ചു. 'സംശയിക്കുന്ന തോമ്മാ' എന്നു മുദ്രകുത്തുന്നതിനേക്കാൾ, ഉറച്ച വിശ്വാസപ്രഖ്യാപനം നടത്തിയ വ്യക്തിയെന്നു വേണം ശ്ലീഹായെ കരുതാൻ.





യഥാർത്ഥ പ്രേഷിതചൈതന്യം എന്തെന്നു തോമ്മാശ്ലീഹായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പ്രേഷിത പ്രവർത്തനത്തിന്റെ ഉറവിടം തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവുമാണ്. വി. കുർബാനയിൽ ഒന്നാം ഗ്ഹന്താപ്രാർത്ഥനയിൽ 'അങ്ങു നല്കിയ ഈ ദാനം തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടും കൂടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന' കാർമ്മികന്റെ പ്രാർത്ഥന മാർ തോമ്മാശ്ലീഹായുടെ വിശ്വാസ ചൈതന്യം ഏറ്റുവാങ്ങാൻ നമ്മെ വെല്ലുവിളിക്കുകയാണ്.

ദൈവസ്നേഹത്തിൽ നിന്നുളവാകുന്ന പരസ്നേഹം പ്രേഷിത ചൈതന്യത്തിൽ അന്തർലീനമാണ്. 'കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാനാവില്ല' (1 യോഹ 4:20) എന്ന വി യോഹന്നാന്റെ വാക്കുകൾ പരോന്മുഖതയിലേക്ക്' നയിക്കണം. 'ഞാൻ നിങ്ങളെ സ്നേഹിക്കുന്നതുപോലെ പരസ്പരം സ്നേഹിക്കണം'(യോഹ.13:35) എന്നാണല്ലോ ഈശോ നമ്മെ പഠിപ്പിച്ചത്. നമുക്കു ലഭിച്ച രക്ഷയുടെ സന്ദേശം സഹോദരങ്ങളുമായി പങ്കുവെയ്ക്കാനുള്ള തീക്ഷ്ണത പരസ്നേഹത്തിലാണ് പൂർണ്ണമാകുക. സഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇവിടെ പ്രസക്തമാകുന്നു.

തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവും കൈമുതലായി ഉള്ളതുകൊണ്ടാണ് തോമ്മാശ്ലീഹായ്ക്ക് വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികളെ സധൈര്യം നേരിടാനും മിശിഹായ്ക്കുവേണ്ടി രക്തസാക്ഷിത്വം വഹിക്കാനും കഴിഞ്ഞത്. തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവുമുണ്ടെങ്കിലേ ഇന്നും യഥാർത്ഥ പ്രേഷിത പ്രവർത്തനം സാധ്യമാകൂ. പുതിയ വെല്ലുവിളികൾക്കെതിരെ നിലയുറപ്പിക്കാനാവൂ. ഇന്ത്യൻ ഭരണ ഘടന വിഭാവനം ചെയ്യുന്ന മതസഹിഷ്ണുതയെ മതനിഷേധമായി തെറ്റിദ്ധരിപ്പിക്കുന്ന, ഭൗതീകതയുടെ വേലിയേറ്റത്തിൽ ആദ്ധ്യാത്മികതയെ അവഗണിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്ന ഈശ്വരചിന്ത കാലഹരണപ്പെട്ടെന്ന് അവഹേളിക്കുന്ന കാലമാണിത്. സത്യത്തെ അതിന്റെ പൂർണ്ണതയിൽ ആവിഷ്ക്കരിക്കാനാവാത്ത മാധ്യമങ്ങളും നിരീശ്വര രാഷ്ട്രീയ സിദ്ധാന്തങ്ങളും ക്രൈസ്തവ പ്രബോധനത്തിനെതിരെ ആഞ്ഞടിക്കുന്ന ഈ കാലഘട്ടത്തിൽ വിശ്വാസ ജീവിതം നയിക്കുക കൂടുതൽ ശ്രമകരമാണ്. ഭരണഘടനയുടെ തത്വങ്ങളിൽ നിന്നും അണുവിട വ്യതിചലി



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ക്കാതെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്ന ഈ സാഹചര്യത്തിൽ വിശ്വാസജീവിതം വെല്ലുവിളികളിൽ നിന്നും ഒട്ടും വിമുക്തമല്ല.

സഭ നേരിടുന്ന വെല്ലുവിളികൾ ബാഹ്യതലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ആത്മീയതയെ കാർന്നു തിന്നുന്ന ഭൗതീകതയുടെ അതിപ്രസരത്തിൽ സഭാതനയരും അകപ്പെട്ടുപോകുന്നുവെന്നുള്ളത് ദുഃഖകരമായ സത്യമാണ്. ധാർമ്മിക രംഗത്തും വൈദ്യശാസ്ത്ര രംഗത്തും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെ തള്ളിപ്പറയുന്നവരും മിശിഹാ സർവ്വ ലോകത്തിന്റേയും രക്ഷകനാണെന്ന സഭയുടെ പരമ്പരാഗത പ്രബോധനത്തിൽ വെള്ളം ചേർക്കുന്നവരും കൂടി വരുന്നു. മാർ തോമ്മാശ്ലീഹാ കൊളുത്തിത്തന്ന വിശ്വാസ ദീപം അണയാതെ കാത്തുസൂക്ഷിക്കുന്നതിനു പകരം ഊതിക്കെടുത്തി, പെന്തക്കോസ്തു സെക്റ്റുകളിലേക്ക് പോകുന്നത് വിശ്വാസം കൈമാറിത്തന്ന പൂർവ്വീകരോടു കാണിക്കുന്ന വഞ്ചനയാണ്.

ദൈവജനത്തെ നയിക്കുന്ന വൈദികർ വിശ്വാസതീക്ഷ്ണത സ്വന്തമാക്കാൻ വേണ്ടിയാണ് വൈദിക വർഷം മാർപാപ്പ പ്രഖ്യാപിച്ചത്. സഭയിലാണ് ഒരുവൻ പുരോഹിതനാകുന്നതെന്നും സഭയിൽ നിന്നും മാറി പൗരോഹിത്യത്തിനർത്ഥമില്ലെന്നും ബഹുമാനപ്പെട്ട വൈദികർ മനസ്സിലാക്കട്ടെ. കഴിഞ്ഞുപോയ പുരോഹിത വർഷം വൈദികരെ സംബന്ധിച്ചിടത്തോളം ആത്മശോധനയുടെ വർഷമായിരുന്നു. വിയാനി പുണ്യവാന്റെ ഓർമ്മകൾ പേറുന്ന പുരോഹിത വർഷം മിശിഹായുടെ ഹൃദയത്തിനനുരൂപരായ വൈദികർക്ക് ജന്മം കൊടുക്കുക ലക്ഷ്യം വച്ചിരിക്കുന്നു. ക്രൂസ്തുവിന്റെ ഹൃദയം മനുഷ്യരോടുള്ള സ്നേഹത്താൽ പിളർക്കപ്പെട്ട ഹൃദയമാണ്. ഈ സ്നേഹത്തിലാണ് മിശിഹായുടെ പൗരോഹിത്യത്തിന്റെ വിശ്വസ്തത അടങ്ങിയിരിക്കുന്നത്. സ്നേഹത്തിലൂന്നിയ ഈ വിശ്വസ്തതയെ പറ്റിത്തന്നെയാണ് 'മിശിഹായുടെ വിശ്വസ്ത പുരോഹിതരുടെ വിശ്വസ്തത' എന്ന ആപ്തവാക്യം സൂചിപ്പിക്കുന്നത്. ഈ ലക്ഷ്യം പ്രാപിക്കാൻ എന്റെ സഹോദര വൈദികർ പരിശ്രമിക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. സഭയെ ശക്തിപ്പെടുത്താൻ വൈദിക-സന്യസ്ത ജീവിതത്തിലേക്ക് ധാരാളം ദൈവവിളിയുണ്ടാകുവാൻ ആത്മാർത്ഥമായി ദൈവത്തോടു പ്രാർത്ഥിക്കുകയും നമ്മുടെ ഓരോരുത്തരുടേയും ജീവിത സാഹചര്യങ്ങളിൽ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.





ദുക്റാനത്തിരുനാൾ അനുസ്മരിക്കുമ്പോൾ സീറോ മലബാർ സഭയ്ക്കു ദൈവം പ്രത്യേകമായി നൽകുന്ന വലിയ അനുഗ്രഹങ്ങളെപ്പറ്റി സൂചിപ്പിക്കാതിരിക്കാൻ സാധിക്കുകയില്ല. ഈ വർഷം ആറു മെത്രാന്മാരെയാണ് സീറോ മലബാർ സഭയ്ക്ക് പുതുതായി ദൈവം നൽകിയിരിക്കുന്നത്. കുരിയ മെത്രാനായി നിയമിതനായിരിക്കുന്ന മാർ ബോസ്കോ പുത്തൂർ, താമരശ്ശേരി രൂപതയുടെ മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, ഇരിഞ്ഞാലക്കുട രൂപതയുടെ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ, മാണ്ഡ്യ രൂപതയുടെ മെത്രാൻ മാർ ജോർജ്ജ് ഞരളക്കാട്ട്, രാമനാഥപുരം രൂപതയുടെ മെത്രാൻ മാർ പോൾ ആലപ്പാട്ട്, തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ, മാണ്ഡ്യ രാമനാഥപുരം എന്നീ രണ്ടു രൂപതകളും ഉദയം ചെയ്തു. ദൈവം നിയോഗിച്ച പുതിയ ഇടയന്മാർക്ക് സീറോ മലബാർ സഭയിലെ എല്ലാ മക്കളുടെയും പേരിലുള്ള പ്രാർത്ഥനാശംസകൾ നേരുന്നു. കൂട്ടായ്മയും ഐക്യവും നിലനിർത്തി സഭയെ പടുത്തുയർത്താൻ ദൈവം ഇവരെ അനുഗ്രഹിക്കട്ടെ. ദീർഘകാലത്തെ സഭാ ശുശ്രൂഷയ്ക്കുശേഷം ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ച ഇരിഞ്ഞാലക്കുട രൂപതയുടെ മേലദ്ധ്യക്ഷനായിരുന്ന മാർ ജെയിംസ് പഴയാറ്റിലിനും താമരശ്ശേരി രൂപതയുടെ മേലദ്ധ്യക്ഷനായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളിക്കും നന്ദി.

സീറോമലബാർ സഭാദിനമായാണല്ലോ ദുക്റാനത്തിരുനാൾ നാം ആചരിക്കുന്നത്. സഭാദിനത്തിൽ നമ്മുടെ സഭയുടെ അധികാരപരിധിക്കു പുറത്തു വസിക്കുന്ന സീറോ മലബാർ സഭയിലെ എല്ലാ മക്കളേയും ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. നമ്മുടെ സഭയുടെ തനതായ പാരമ്പര്യവും ആരാധനക്രമവും അനുസരിച്ചുള്ള അജപാലന സൗകര്യം ഏർപ്പെടുത്തുന്നതിനും ഭാരതമെമ്പാടും പ്രേഷിത പ്രവർത്തനം നടത്തുന്നതിനുമുള്ള നമ്മുടെ പരിശ്രമങ്ങൾക്ക് വേണ്ടത്ര വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും അതിനു വേണ്ടി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്ന കാര്യം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ലോകമെമ്പാടുമുള്ള അജപാലന പ്രവർത്തനത്തിനും പ്രേക്ഷിതപ്രവർത്തനത്തിനുമുള്ള നമ്മുടെ അവകാശം സാധിതമാക്കാനുള്ള പരിശ്രമങ്ങളിൽ നിങ്ങളുടെ പ്രാർത്ഥന



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

കൂടെയുണ്ടാകണമെന്നപേക്ഷിക്കുന്നു. സഭാ ദിനത്തോടനുബന്ധിച്ച് സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സഹായ സമാഹരണത്തിലും എല്ലാ സീറോ മലബാർ സഭാംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഗസ്റ്റ് മാസത്തിൽ നടക്കുന്ന നമ്മുടെ മെത്രാന്മാരുടെ സിനഡിനിടയിലാണല്ലോ സീറോ മലബാർ സഭയുടെ മൂന്നാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി സമ്മേളിക്കുന്നത്. അസംബ്ലിയുടെ മുഖ്യവിഷയം "വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും" എന്നതാണ്. ഇന്നിന്റെ വെല്ലുവിളിയായ മരണ സംസ്ക്കാരത്തെ തിരിച്ചറിയാനും അതിനെതിരെ പോരാടാനും സൃഷ്ടലോകത്തെ അതിന്റെ പൂർണ്ണതയിൽ വീക്ഷിച്ച്, ജീവന്റെ സംസ്കാരത്തെ അതിന്റെ സമഗ്രതയിൽ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രതിസംസ്കാരം ആവിഷ്ക്കരിക്കാനുമാണ് അസംബ്ലി ആഗ്രഹിക്കുന്നത്.

'സഭയെ മാതാവായി അംഗീകരിക്കാത്തവന്, ദൈവത്തെ പിതാവേ എന്നു വിളിക്കാനാവില്ല' എന്ന സഭാപിതാവായ വി. സിപ്രിയന്റെ വാക്കുകൾ നിങ്ങളെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ മിശിഹായുടെ മൗതികശരീരമാകുന്ന സഭയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിക്കാനുള്ള സ്ഥൈര്യം ഏറ്റു വാങ്ങാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം. കേരളത്തിനകത്തും പുറത്തും വിദേശത്തുമായി കഴിയുന്ന എല്ലാ സഭാമക്കൾക്കും ദുക്റാന ത്തിരുന്നാളിന്റെ മംഗളങ്ങൾ ഒരിക്കൽ കൂടി നേർന്നുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശിർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് 2010-ാം ആണ്ട് മെയ് മാസം 29-ാം തിയതി നൽകപ്പെട്ടത്.

**വർക്കി കാർഡിനൽ വിതയത്തിൽ**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്,

NB: ഈ ഇടയലേഖനം **ജൂൺ 27-ാം** തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

(For Recordical Purpose)





## Bishops' Engagements



**JULY 2010**

| | | |
|---|---|---|
| 21 | AM | Return from Europe |
| 25 | | St. Raphael's Cathedral, Palakkad |
| 26 | | Monthly Recollection |
| 28 | PM | St. Mary's Minor Seminary, Kalleppully |
| 30 | | Marathakkara |
| 31 | AM | Meeting, Pastoral Centre |
| | PM | Mangalam Dam |

**AUGUST 2010**

| | | |
|---|---|---|
| 1 | | Pallippuram |
| 2-6 | | Bishop's Retreat, Mount St. Thomas, Kakkanad |
| 7 | | Ponnamkode |
| 8 | AM | Pullissery |
| | PM | Church Blessing, Palampatta |
| 11 | PM | Vestition, CHF |
| 12 | | Sehion Retreat Centre, Thavalam |
| 14 | AM | Meeting of Kaikars, Pastoral Centre |
| 15 | PM | Podanur |
| 17-18 | | Syro - Malabar Bishops' Synod |
| 19-22 | | Major Archiepiscopal Assembly |
| 23-28 | | Syro - Malabar Bishops' Synod |

വി. യാക്കോബിന്റെ നാമധാരികളായി
ജൂലൈ 25 ന് തങ്ങളുടെ വിശുദ്ധന്റെ തിരുനാളാഘോഷി
ക്കുന്ന തൃശ്ശൂർ ആർച്ച് ബിഷപ്പ് എമിരിത്തസ്
**അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിനും,**
ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ എമിരിത്തസ്
**അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിനും,**
പാലക്കാട് രൂപതയുടെ തിരുനാളാശംസകൾ



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# From the Bishop's Office

**പ്രാർത്ഥനയിൽ സ്മരിക്കാൻ**

ബഹു. ജോർജ്ജ് ചിറമേൽ അച്ചന്റെ മരണവാർഷികം ജൂലൈ 19.

**പുതിയ ഫൊറോനകൾ**

രൂപതയിലെ ഫൊറോനകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കും ജനങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുമായി പാലക്കാട് സെന്റ് റാഫേൽസ് ഫൊറോനയെ വിഭജിച്ച് തത്തമംഗലം സെന്റ് മേരീസ് പള്ളി കേന്ദ്രമാക്കിയും മേലാർക്കോട് സെന്റ് ആന്റണീസ് ഫൊറോന പള്ളി വിഭജിച്ച് മംഗലംഡാം സെന്റ് സേവ്യേഴ്സ് പള്ളി കേന്ദ്രമാക്കിയും കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന വിഭജിച്ച് പൊന്നംകോട് സെന്റ് ആന്റണീസ് പള്ളി കേന്ദ്രമാക്കിയും മൂന്നു ഫൊറോനകൾ കൂടി 2010 ജൂലൈ 3ന് നിലവിൽ വരുന്നു. തത്തമംഗലം, മംഗലംഡാം, പൊന്നംകോട് എന്നീ പള്ളികളിലെ ബഹു. വികാരിയച്ചന്മാരായ ബിജു പ്ലാത്തോട്ടത്തിൽ, ജോസ് ആലയ്ക്കക്കുന്നേൽ ബഹു. പീറ്റർ കുരുതുകുളങ്ങര എന്നിവരെ യഥാക്രമം ഫൊറോന വികാരിമാരായി സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു. തത്തമംഗലം ഫൊറോനയുടെ കീഴിൽ തത്തമംഗലം, കൊടുവായൂർ, കൊല്ലങ്കോട്, കൊഴിഞ്ഞാമ്പാറ, പരുത്തിക്കാട്, ചിറ്റൂർ, മൂച്ചൻകുണ്ട് എന്നീ പള്ളികളും മംഗലംഡാം ഫൊറോനയുടെ കീഴിൽ മംഗലംഡാം, എളവംപാടം, കരിങ്കയം, മാങ്കുറുശ്ശി, ചിറ്റടി മേരിലാന്റ്, ചിറ്റടി മരിയനഗർ, നീതിപുരം, ഒലിപ്പാറ, പൊൻകണ്ടം, കയറാടി ബാലേശ്വരം, കടപ്പാറ, ഓടംതോട് എന്നീ പള്ളികളും പൊന്നംകോട് ഫൊറോനയുടെ കീഴിൽ പൊന്നംകോട്, അരപ്പാറ, കല്ലടിക്കോട്, കാരാകുർശ്ശി, കരിമ്പ, പൊമ്പ്ര, ചുള്ളിയാംകുളം, നിരവ്, തോണിക്കുഴി, എന്നി പള്ളികളും ഉൾപ്പെടുന്നതാണ്.

**വൈദികരുടെ മാസധ്യാനം**

ജൂലൈ മാസത്തിലെ വൈദികരുടെ മാസധ്യാനം ജൂലൈ 26ന് രൂപതാ കാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**രൂപതാ ഡയറക്ടറി 2010**

2010 ആഗസ്റ്റ് മാസം രൂപതാ ഡയറക്ടറിയുടെ പുതിയ പതിപ്പ് പുറത്തിറങ്ങുന്നു. ജൂലൈ 20ന് മുമ്പായി അതതു സ്ഥാപനങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ രൂപതാ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതാണ്.





**സീറോ മലബാർ സഭാദിനം**

ദുക്റാന തിരുനാളായ ജൂലൈ 3-ാം തീയതി സീറോ മലബാർ ദിനമായി നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സമുചിതമായി ആഘോഷിക്കുമല്ലോ. ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ ഇടയലേഖനത്തിൽ നിർദ്ദേശിച്ചപ്രകാരം ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി അന്ന് ഇടവകകളിൽ പ്രത്യേക പിരിവ് എടുത്ത് തുക ജൂലൈ അവസാനത്തോടെ രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**കൈക്കാരന്മാരുടെ സമ്മേളനം**

ഇടവകകളിൽ സേവനം ചെയ്യുന്ന കൈക്കാരന്മാരുടെ രൂപതാ സമ്മേളനം ആഗസ്റ്റ് 14ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് ആരംഭിക്കുന്ന സമ്മേളനത്തിലേയ്ക്ക് ബഹു. വൈദികർ തങ്ങളുടെ ഇടവകകളിലെ കൈക്കാരന്മാരെ പറഞ്ഞയക്കേണ്ടതാണ്.

**നിത്യാരാധന കപ്പേള**

**ജൂലൈ 3** ദുക്റാന തിരുനാളും **ഓഗസ്റ്റ് 15** മാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാളും ആയതിനാൽ അന്നേദിവസങ്ങളിൽ കപ്പേളയിൽ ആരാധനയും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതല്ല.

**യുവജനദിനം**

ജൂലൈ 4-ാം തീയതി സഭ യുവജനദിനമായി ആഘോഷിക്കുന്നു. നമ്മുടെ ഇടവകയിലെ യുവജനങ്ങൾക്കായി അന്നേദിവസം നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അന്ന് പ്രത്യേകം സ്തോത്രക്കാഴ്ചയെടുത്ത് യുവജന ശുശ്രൂഷയ്ക്കായി രൂപതാ കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**നന്ദി.. ആശംസകൾ...**

അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറിയായും രൂപതാ ബുള്ളറ്റിൻ എഡിറ്ററുമായി സേവമനുഷ്ഠിച്ച ബഹു. ഷൈജു നടുവത്താനിയിൽ അച്ചന് കൃതജ്ഞതയും ഉപരിപഠനത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

**അഭിനന്ദനങ്ങൾ**



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് ബി. എ. ഫിലോസഫിയിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ ബ്ര. ടോണി അറയ്ക്കലിന് അഭിനന്ദനങ്ങൾ. നെന്മാറ ഇടവകാംഗങ്ങളായ ജോസ്, കൊച്ചുത്രേസ്യാ ദമ്പതികളുടെ മകനാണ്. പാലക്കാട് രൂപതാ മതബോധന കേന്ദ്രത്തിൽ ഇപ്പോൾ റീജൻസി ചെയ്യുന്നു.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ

| | |
|---|---|
| അഗളി | ശ്രീ. ജേക്കബ് കുന്നുംപുറത്ത്, ശ്രീ. വിൻസെന്റ് പാലക്കാടൻ |
| അലനല്ലൂർ | ശ്രീ. ജോസഫ് വലിയവീട്ടിൽ, ശ്രീ. ജസ്റ്റിൻ മുണ്ടഞ്ചേരിൽ |
| ആലത്തൂർ | ശ്രീ. സെബാസ്റ്റ്യൻ കൊള്ളന്നൂർ, ശ്രീ. മാത്യു കവലക്കാട്ട് |
| ബാലേശ്വരം | ശ്രീ. തോമസ് പാറേക്കാട്, ശ്രീ. ജോയ് തെക്കേൽ |
| ചന്ദ്രനഗർ | ശ്രീ. സി. പി. ആന്റോ, ശ്രീ. അനിൽ വെള്ളറ |
| ചുള്ളിയാംകുളം | ശ്രീ. ജോസ് മണ്ണാത്തുകുഴിയിൽ, ശ്രീ. ബിജു വിഞ്ചിക്കാച്ചാലിൽ |
| ഇരുമ്പകച്ചോല | ശ്രീ. വികാസ് പാലക്കത്തറപ്പേൽ, ശ്രീ. ബാബു പ്രാക്കുഴി |
| ജെല്ലിപ്പാറ | ശ്രീ. ജോർജ്ജ് പുത്തൂർ, ശ്രീ. സെബാസ്റ്റ്യൻ കൈതക്കുഴി |
| ജോസ്ഗിരി | ശ്രീ. ആൽഫ്രഡ് കൂത്തികല്ലിങ്കൽ, ശ്രീ. അബ്രഹാം തെറ്റയിൽ |
| കൈതച്ചിറ | ശ്രീ. ജോണി പാലാട്ടി, ശ്രീ. മാർട്ടിൻ കോറക്കാട്ടിൽ |
| കല്ല | ശ്രീ. അഗസ്റ്റിൻ മാവേലിക്കുന്നേൽ, ശ്രീ. തോമസ് ഇല്ലിക്കൽ |
| കല്ലടിക്കോട് | ശ്രീ. തോമസ് കുഴിക്കാട്ടിൽ, ശ്രീ. ടോമി മരോട്ടുമൂട്ടിൽ |
| കണ്ടമംഗലം | ശ്രീ. ജോയ് വലിയകുളത്തിൽ, ശ്രീ. ടോമി നരിതൂക്കിൽ |
| കാഞ്ഞിരപ്പുഴ ഡാം | ശ്രീ. ജോർജ്ജ് വെട്ടുകാട്ടിൽ, ശ്രീ. സിറിയക് കണിവയൽ |
| കണ്ണമ്പ്ര | ശ്രീ. ജോണി താന്നിക്കൽ, ശ്രീ. ആന്റണി ചെറിയമുക്കട |
| കാരാകുർശ്ശി | ശ്രീ. മാത്യു വെണ്ണമറ്റത്തിൽ, ശ്രീ. ബിനു കൈതച്ചിറ |
| കേരളശ്ശേരി | ശ്രീ. സിജു കുരുവിത്തോട്ടം, ശ്രീ. മനോജ് ഉള്ളാട്ടിൽ |
| കൊടുന്തിരപ്പള്ളി | ശ്രീ. ഫ്രാൻസിസ് കണ്ണമ്പുഴ, ശ്രീ. ഈനാശു ഇമ്മട്ടി |
| കൊടുവായൂർ | ശ്രീ. ജോസ് പലയൂർ, ശ്രീ. ജേക്കബ് പടമാടൻ |
| കൂനത്തറ | ശ്രീ. ബേബി കോലാക്കൽ, ശ്രീ. ജെയിംസ് വടക്കനിപ്പേൽ |
| കോട്ടായി | ശ്രീ. ജോഷി ചിറ്റിലപ്പിള്ളി, ശ്രീ. യേശുദാസ് മേലിട്ട് |
| കുറവമ്പാടി | ശ്രീ. ബാബു പോൾ വല്ലനാട്ട്, ശ്രീ. ബാബു ജോണി പുത്തൂർ |
| മരിയനഗർ ചിറ്റടി | ശ്രീ. ജെയിംസ് വെളിയത്തിൽ, ശ്രീ. ഷാജി കിഴക്കേപറമ്പിൽ |
| മേരിലാന്റ് ചിറ്റടി | ശ്രീ. കുര്യൻ ആലപ്പാട്ടു കുന്നേൽ, ശ്രീ. ജോണി അമ്പലമറ്റത്തിൽ |
| പാലക്കയം | ശ്രീ. തോമസ് എൻ.ടി. നരിമറ്റം, ശ്രീ. ജോസഫ് വരിക്കയിൽ |
| പാലക്കുഴി | ശ്രീ. ജോസഫ് പകലോമറ്റം, ശ്രീ. തോമസ് കുമ്പളന്താനം |
| പാലക്കാട് | ശ്രീ. ടി.ടി. ഔസേപ്പ്, ശ്രീ. എ.എം. റാഫേൽ |
| പല്ലിയറ | ശ്രീ. ജോസഫ് വാഴത്തറ, ബിജു വടക്കേക്കര |
| പട്ടാമ്പി | ശ്രീ. ഫ്രാൻസിസ് പാറേക്കാടൻ, ശ്രീ. ബേബിച്ചൻ നെടുമ്പള്ളി |
| പൊൻകണ്ടം | ശ്രീ. ആന്റണി തെള്ളിയിൽ, ശ്രീ. ജെയ്സൺ അറയ്ക്കൽ |
| പൊന്നംകോട് | ശ്രീ. ജോസ് മാളിയേക്കൽ, ശ്രീ. മാത്യു പഴുക്കാത്തറ |
| പുലിയറ | ശ്രീ. മധു പാലത്തിങ്കൽ, ശ്രീ. സോബി കൈപ്പംപ്ലാക്കൽ |
| പുറ്റാനിക്കാട് | ശ്രീ. ചെറിയാൻ തലച്ചിറക്കുഴിയിൽ, ശ്രീ. ദിലീപ് ആവിയിൽ |
| ഉണ്ണിമല | ശ്രീ. ടോം ജോസ് ആട്ടപ്പാട്, ശ്രീ. കെ. എം. മാത്യു കോരോത്ത് |
| വചനഗിരി | ശ്രീ. ബെന്നി ഊന്നുപാലത്തിങ്കൽ, ശ്രീ. ബെന്നി കുളമ്പുകാട് |
| | ശ്രീ. ബേബി ആക്കാട് |
| വടക്കഞ്ചേരി | ശ്രീ. തോമസ് മാത്യു കാടൻകാവിൽ, ശ്രീ. ടോമി ഊരൂരിക്കൽ |
| വാളയാർ | ശ്രീ. സെബാസ്റ്റ്യൻ ചിറ്റാരിക്കാട്, ശ്രീ. ശശിപോൾ |
| നിരവ് | ശ്രീ. ഇമ്മാനുവൽ മഠത്തിപ്പറമ്പിൽ, ശ്രീ. തോമസ് പുതിയേടത്തുപറമ്പിൽ |





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 02-08-10 | MON | Rev. Fr. Kolamkanny Justin |
| 03-08-10 | TUE | Rev.Fr. Kozhipadan Tony |
| 04-08-10 | WED | Rev. Fr. Kunnathettu Joby |
| 05-08-10 | THU | V. Rev. Fr. Kuruthukulngara Peter |
| 06-08-10 | FRI | Rev. Fr. Kuttipuzhakaran Sanil |
| 07-08-10 | SAT | Rev. Fr. Malekudiyil Sherjo |
| 09-08-10 | MON | Rev. Fr. Maliekal George |
| 10-08-10 | TUE | V. Rev. Fr. Mangalan Sebastian |
| 11-08-10 | WED | Rev. Fr. Mavunkal Jacob |
| 12-08-10 | THU | Rev. Fr. Mechery Mathew |
| 13-08-10 | FRI | Rev. Fr. Muringakudiyil Biju |
| 14-08-10 | SAT | Rev. Fr. Nalpathamkalam Sumesh |
| 16-08-10 | MON | Rev. Fr. Nedumpurath Antony |
| 17-08-10 | TUE | Rev. Fr. Nirappel Biju |
| 18-08-10 | WED | Rev. Fr. Njonginiyil Mathew |
| 19-08-10 | THU | Rev. Fr. Olakkengil Viani |
| 20-08-10 | FRI | Rev. Fr. Ollukaran Vincent |
| 21-08-10 | SAT | V. Rev. Fr. Palathinkal Abraham |
| 23-08-10 | MON | Rev. Fr. Pallineerakkal Jaimon |
| 24-08-10 | TUE | Rev. Fr. Paramby Thomas |
| 25-08-10 | WED | Rev.Fr. Parayil Jijo |
| 26-08-10 | THU | Rev. Fr. Perumattil Antony |
| 27-08-10 | FRI | Rev. Fr. Perumbillil George |
| 28-08-10 | SAT | V. Rev. Fr. Plathottathil Biju |
| 30-08-10 | MON | Rev.Fr. Plathottathil Jinse |
| 31-08-10 | TUE | Rev.Fr. Ponkattil Binu |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# വിശ്വാസ പരിശീലനം

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ "തിരുസഭ മാതാവും ഗുരുനാഥയും" എന്നതിനെ ആസ്പതമാക്കി ഏകദിനസെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. ദൈവമക്കളായ നമ്മൾ അമ്മയായ തിരുസഭയെ അറിയാനും സ്നേഹിക്കാനും ഗുരുനാഥയായി ഹൃദയത്തിൽ സ്വീകരിക്കാനും ഈ വർഷത്തെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ. സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജൂലൈ 10 ശനി | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |
| ജൂലൈ 10 ശനി | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 10 ശനി | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (മംഗലംഡാം പാരിഷ്ഹാൾ) |
| ആഗസ്റ്റ് 9 തിങ്കൾ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 9 തിങ്കൾ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 14 ശനി | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 14 ശനി | 9.30am to 4.00pm | പാലക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**VIII, IX, X സെമിനാറുകൾ**

ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അവരുടെ പഠനവിഷയങ്ങളെ ഉൾകൊള്ളിച്ചും വിശ്വാസജീവിതത്തിന്റെ പ്രായോഗികവശങ്ങളെ കൂടുതൽ മനസിലാക്കി കൊടുക്കുക എന്ന ഉദ്ദേശത്തോടെയും ഫോറോന തലത്തിൽ ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. ജീവിത മൂല്യങ്ങൾ നൽകുക, പഠനം എളുപ്പമാക്കുക, ബോധ്യങ്ങളുള്ള പുത്തൻ തലമുറയെ വാർത്തെടുക്കുക ഇവയാണ് സെമിനാറുകളുടെ ലക്ഷ്യം. അധ്യായനവർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത കുർബാനയിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 20 രൂപയാണ്.





**VIII, IX, X ക്ലാസുകളിലെ സെമിനാർ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | |
|---|---|---|
| ജൂലൈ 4 ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 8 ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന<br>നെന്മാറ സോൺ (നെന്മാറ പാരിഷ്ഹാൾ)<br>മംഗലംഡാം സോൺ (മംഗലംഡാം പാരിഷ്ഹാൾ) |
| ആഗസ്റ്റ് 8 ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 25 ബുധൻ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്തം. 1 ബുധൻ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന<br>കാഞ്ഞിരപ്പുഴ സോൺ (കാഞ്ഞിരപ്പുഴ പരിഷ്ഹാൾ)<br>പൊന്നംകോട് സോൺ (പൊന്നംകോട് പാരിഷ്ഹാൾ) |
| സെപ്തം. 10 വെള്ളി | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |
| സെപ്തം. 11 ശനി | 9.30am to 4.00pm | താവളം ഫൊറോന<br>താവളം സോൺ (സെഹിയോൻ ധ്യാനകേന്ദ്രം)<br>ജെല്ലിപ്പാറ സോൺ (ജെല്ലിപ്പാറ പാരിഷ്ഹാൾ) |
| സെപ്തം. 21 ചൊവ്വ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

**I & II HDC ഏകദിനസെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസ പരിശീലന രംഗത്തുനിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. ജീവന്റെ മൂല്യമാണ് ഈ വർഷത്തെ ചർച്ചാവിഷയം. അധ്യയനവർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ആരംഭിച്ച് 4.00മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

പ്രസ്തുത കുർബാനയിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ.

**I & II HDC ഏകദിനസെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | |
|---|---|---|
| ജൂലൈ 4 ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 11 ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 18 ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 1 ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 22 ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ആഗസ്റ്റ് 29 ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്തം.5 ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**ഒന്നാം മിഡ് ടേം പരീക്ഷ**

സൺഡേ സ്കൂൾ വിദ്യാർത്ഥികളുടെ ഒന്നാം മിഡ് ടേം പരീക്ഷ ജൂലായ് 25 ഞായറാഴ്ച നടത്തുന്നു.

**സ്റ്റാറ്റിസ്റ്റിക്സ് & ന്യൂ ടീച്ചേഴ്സ് ഫോം.**

സൺഡേ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സും, പുതിയ അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോമും മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനദിവസം ജൂലായ് 18 ഞായറാണ്. X, XII ക്ലാസ്സുകളിലെ കുട്ടികളുടെ പേര് ആൽഫബെറ്റിക് ഓർഡറിൽ മതബോധനകേന്ദ്രത്തിൽ എത്തിക്കുവാൻ പ്രധാനാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

**ലോഗോസ് ക്വിസ് 2010**

5 മുതൽ II HDC വരെയുള്ള ക്ലാസുകളിൽ വിശ്വസപരിശീലനം നേടുന്ന എല്ലാ കുട്ടികളും മതദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ 1 മുതൽ ആരംഭിക്കുന്നു. ഫീസ് 10 രൂപയാണ്. കുട്ടികളുടെ ക്ലാസ് കൃത്യമായും വ്യക്തമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ്തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**ക്രിസ്റ്റ്യൻ ധ്യാനം**

വിശ്വാസ പരിശീലന ക്ലാസുകളിലൂടെ ലഭിച്ച മിശിഹാനുഭവം ആഴപ്പെടുന്നതിനും പ്രായോഗിക തലങ്ങളിൽ തീക്ഷണതയുള്ള കുട്ടികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി സെപ്റ്റംബർ9,10,11,12 തിയ്യ





തികളിലായി മണ്ണാർക്കാട് ഫൊറോനയിൽ ക്രിസ്റ്റിൻ ധ്യാനം നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 200/ രൂപ.5–ാംക്ലാസ്സുമുതൽ 12–ാം ക്ലാസ്സു വരെയുള്ള എല്ലാകുട്ടികളും ധ്യാനത്തിൽ സംബന്ധിക്കുവാൻ വികാരി അച്ചന്മാരും അദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ.

**HDC കറൻസ്പോണ്ടൻസ് കോഴ്സ്**

വിശ്വാസ പരിശീലനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടമാണല്ലോ കൗമാരവും യൗവ്വനവും. അതിനോടനുബന്ധിച്ച് നമ്മൾ നടത്തുന്ന HDC പരിശീലനവും. വിശ്വാസ പരിശീലനം നേരിടുന്ന ഒരു പ്രധാനവെല്ലുവിളിയാണ് ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന എൻട്രൻസ് കോച്ചിംഗ് ക്ലാസുകളും കോൺടാക്ട് ക്ലാസുകളും. ഇവ മൂലം വിശ്വാസ പരിശീലന ക്ലാസുകളിൽ സംബന്ധിക്കാത്ത കുട്ടികളെ ലക്ഷ്യം വെച്ച് മതബോധന കേന്ദ്രത്തിൽ HDC കറസ്പോണ്ടൻസ് കോഴ്സ് സംഘടിപ്പിക്കുന്നു. ഇതിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ പ്രസ്തുത ഫോറം പൂരിപ്പിച്ച് വികാരിയച്ചന്റെയും എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിന്റെയും പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രവും രജിസ്ട്രേഷൻ ഫീസായ 200 രൂപ സഹിതം മതബോധന കേന്ദ്രത്തിൽ ആഗസ്റ്റ് 30 ന് മുൻമ്പായി ഏൽപിക്കേണ്ടതാണ്. പാസ്റ്ററൽ സെന്ററിൽ താമസിച്ചാണ് രണ്ടുദിവസത്തെ സെമിനാർ നടക്കുക. ഈ വർഷത്തെ കറസ്പോണ്ടൻസ് കോഴ്സ് ഒക്ടോബർ 16, 17 തിയ്യതികളിലും ഡിസംബർ 26നുമായിരിക്കും നടക്കുക.

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 3 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2010 ഡിസംബർ 1–ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫെറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം. (കൂടുതൽ വിവരങ്ങൾക്ക് വിശ്വാസപരിശീലന കലണ്ടർ പേജ് 53 കാണുക)

**അധ്യാപകർക്കായുള്ള സാഹിത്യമത്സരങ്ങൾ**

മതാദ്ധ്യാപകർക്ക് കൂടുതൽ പഠിക്കുവാനും തങ്ങളുടെ സാഹിത്യവാസനകളെ വളർത്തുവാനും സഹായകമാകത്തക്കവിധത്തിൽ മതബോധന വിഷയത്തെ ആസ്പദമാക്കി സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപ



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ന്യാസം കവിത, ചെറുകഥ എന്നീ രചനാമത്സരങ്ങളായിരിക്കും ഉണ്ടായിരിക്കുക.(ഉപന്യാസം 5-10 പേജുകൾ കവിത 20-40 വരികൾ, ചെറുകഥ 3.5 പേജുകൾ) ഓഗസ്റ്റ് 30 ന് മുമ്പായി ഈ രചനകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സാൻജോബുക്ക് സ്റ്റാൾ**

സൺഡേ കാറ്റികിസം, ഡെയ്‌ലി കാറ്റികിസം, സന്മാർഗശാസ്ത്രം എന്നിവയുടെ പുസ്തവും മറ്റും വാങ്ങിയവർ എത്രയും വേഗം കണക്കുൾ തീർക്കാൻ താല്പര്യപ്പെടുന്നു. കുട്ടികൾക്കായുള്ള ബാഗ് ബുക്സ്റ്റാളിൽ ലഭ്യമാണ്.

മീഡിയാ ബുക്സിന്റെ പുസ്തകങ്ങൾ സാൻജോ ബുക്ക് സ്റ്റാൾ വഴി ലഭ്യമാണ്. ഇടവക, സ്കൂൾ, കോൺവെന്റ് ലൈബ്രറികളിലേയ്ക്ക് പ്രത്യേക കിഴിവ് നൽകുന്നതാണ്.

**ജനറൽ ക്വിസ് 2010-11**

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ്, ക്വിസ് മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ ജനറൽ ക്വിസ് 2010-11 ആവശ്യമുള്ളവർക്ക് സാൻജോ ബുക്ക്സ്റ്റാളിൽ നിന്ന് ലഭ്യമാണ്.

NB: ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്കുള്ള ജനറൽക്വിസ് ഭാഗം 1 മുതൽ 245-ാം ചോദ്യം വരെയായിരിക്കും.

**B.T.C കോഴ്സ്**

2010 ജൂൺ 11,12,13 തിയ്യതികളിൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന 54-ാം ബാച്ച് B.T.C യിൽ 8 ഫൊറോനകളിൽ നിന്നായി 83 മതാദ്ധ്യാപകർ പങ്കെടുത്തു റവ. മോൺ ജോസഫ് ചിറ്റിലപ്പിള്ളി, റവ. ഡോ. മാത്യു വാഴയിൽ, റവ. ഫാ. ജോളിവടക്കൻ, റവ.ഫാ ജോഷി പുലിക്കോട്ടിൽ റവ. ഫാ.ജോമീസ് കൊടകശ്ശേരിൽ, അഡ്വ. ജസ്റ്റിൻ, മിസ്റ്റർ ഷാജി മാലിപ്പാറ റവ.സി ലീനാ ജോസ് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. മതബോധന ഡയറക്ടർ റവ. ഡോ. മാത്യു വാഴയിൽ B.T.C യിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ നൽകി. ഈ കോഴ്സിൽ പങ്കെടുക്കുകയും വിജയിപ്പിക്കുകയും ചെയ്ത എല്ലാ മതാദ്ധ്യാപകർക്കും അവരെ പ്രോത്സാഹിപ്പിക്കുകയും പങ്കെടുപ്പിക്കുകയും ചെയ്ത എല്ലാ വികാരി അച്ചന്മാർക്കും ഹൃദയപൂർവ്വം നന്ദിപറയുന്നു.

**പുസ്തക പരിചയപ്പെടുത്തൽ സെമിനാർ**

2010 ജൂൺ 12-ാം തിയ്യതി പുതിയ അദ്ധ്യാപകർക്കും പുതിയ ക്ലാസുകളിലേക്ക് ഈ വർഷം പഠിപ്പിക്കാൻ പോകുന്ന അധ്യാപകർക്കുമുള്ള പുസ്കപരിചയപ്പെടുത്തൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. 137 അദ്ധ്യാപകർ ഇതിൽ പങ്കെടുത്തു. ബ്ര.ടോണി, ബ്ര. ആന്റോ, ഫാ മാത്യു വാഴയിൽ, സി ലീനാ ജോസ്, സി. സുധ, ശ്രീമതി കുസുമം, മിസ്റ്റർ ഫ്രാങ്കോ തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.





**റെഗുലർ സ്കൂൾ അധ്യാപകസെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സൻമാർഗ്ഗികവുമായ വളർച്ചയ്ക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അദ്ധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. സെമിനാറുകൾ നടക്കുന്ന തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജൂലൈ 17 ശനി 10.00am to 4.00pm | മണ്ണാർക്കാട് മേഖലാ സെമിനാർ (ചെറുപുഷ്പം സ്കൂൾ) |
| ജൂലൈ 31 ശനി 10.00am to 4.00pm | മണ്ണാർക്കാട് മേഖല സെമിനാർ (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 7 ശനി 10.00am to 4.00pm | താവളം മേഖല സെമിനാർ സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം |

**അദ്ധ്യാപക സെമിനാർ റിപ്പോർട്ട്**

2010-2011 വർഷത്തിലെ അദ്ധ്യാപക സെമിനാർ റിപ്പോർട്ട് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 16 തിങ്കളാഴ്ചയാണ്. റെഗുലർ സ്കൂൾ പ്രധാന അദ്ധ്യാപകർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**അഭിനന്ദനങ്ങൾ**

എം.ജി. യൂണിവേഴ്സിറ്റിൽ നിന്നും ബി.എ. ഫിലോസഫിക്ക് മൂന്നാം റാങ്ക് ലഭിച്ച ബ്ര. ടോണി അറയ്ക്കലിന് അഭിനന്ദനങ്ങൾ.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## Bible Apostolate

**ലോഗോസ് ക്വിസ് 2010**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2010.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**ലോഗോസ് ക്വിസ് 2010-ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D,E എന്നീ 5 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

| | |
|---|---|
| A | വിഭാഗം -01.1999 നു ശേഷം ജനിച്ചവർ |
| B | വിഭാഗം-01.01.1994 നും 31.12.1998 നും ഇടയ്ക്ക് ജനിച്ചവർ |
| C | വിഭാഗം-01.01.1979 നും 31.12.1993 നും ഇടയ്ക്ക് ജനിച്ചവർ |
| D | വിഭാഗം-01.01.1959 നും 31.12. 1978 നും ഇടയ്ക്ക് ജനിച്ചവർ |
| E | വിഭാഗം-31.12.1958 നു മുമ്പ് ജനിച്ചവർ |

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ രജിസ്ട്രേഷൻ ആരംഭിക്കുന്നത്.2010 ജൂൺ 1-നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2010 ജൂലൈ 31 നും ആയിരിക്കും. മത്സരത്തിനുള്ള പാഠഭാഗങ്ങൾ 1) പുറപ്പാട് 1-15; 2)വി. മത്തായി 1-14; 3) വി. യാക്കോബ് എഴുതിയ ലേഖനം പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി ബൈബിളും , ഇംഗ്ലീഷിന് RSV ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ2010 സെപ്റ്റംബർ 26-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്.

അഖില കേരള മത്സരപ്പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനനസർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ നവംബർ 1-ന് മുൻപായി പി.ഒ.സിയിൽ എത്തിച്ചിരിക്കണം. രൂപതാതലവിജയികൾക്കായുള്ള (3X5=15) സംസ്ഥാന തല മത്സരം പി.ഒ.സിയിൽ വച്ച് 2010 നവംബർ 28-ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെയായിരിക്കും.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സണ്ടേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത





ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സണ്ടേസ്കൂളുകൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഫാ. മാത്യു വാഴയിൽ**

ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

# അൾത്താരസംഘം

**ലീഡേഴ്സ് മീറ്റ്**

അൾത്താര ശുശ്രൂഷകരുടെ ലീഡേഴ്സിനായി പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ഏക ദിന സെമിനാറിൽ 180 കുട്ടികളും 52 ആനിമേറ്റേഴ്സും പങ്കെടുത്തു. അൾത്താര ശുശ്രൂഷകരുടെ പ്രാധാന്യം അവർ ചെയ്യുന്ന ശുശ്രൂഷയുടെ മാഹാത്മ്യം വി. കുർബാനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അൾത്താര ശുശ്രൂഷകളുടെ ആദ്ധ്യാത്മികത, വി. കുർബാനബലിയും വിരുന്നും വി. ജോൺ ബർക്കുമൻസ് തുടങ്ങയ വിഷയങ്ങളിൽ ഫാ. അരുൺ കലമറ്റം ഫാ. സജി വട്ടുകളം ഫാ. നീലേഷ് തുരുത്തിവേലിൽ, ബ്ര. ടോണി തുടങ്ങിയവർ ക്ലാസ്സുകൾ എടുത്തു.

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5,6,7) സീനിയർ (8-12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം

| | | |
|---|---|---|
| ജനറൽക്വിസ് 2010 | - | 50 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 25 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 10 മാർക്ക് |

ഫൊറോന തല മത്സരം നവംബർ 20 ശനി - ഫൊറോന കേന്ദ്രങ്ങളിൽ

രൂപതാതല മത്സരം ഡിസംബർ 11 ശനി - പാസ്റ്ററൽ സെന്റർ

**അൾത്താരസംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്ന സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

| | | |
|---|---|---|
| ജൂലൈ 17 ശനി | 9.30 am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 24 ശനി | 9.30 am to 4.00pm | മേലാർക്കോട് ഫൊറോന (മംഗലംഡാം പാരിഷ്ഹാൾ) |
| ജൂലൈ 31 ശനി | 9.30 am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 7 ശനി | 9.30 am to 4.00pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ആഗസ്റ്റ് 21 ശനി | 9.30 am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 28 ശനി | 9.30 am to 4.00pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |
| സെപ്റ്റം. 18 ശനി | 9.30 am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, അൾത്താരസംഘം

# തിരുബാലസഖ്യം

**തിരുബാലസഖ്യംസെമിനാറുകൾ**
തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജൂലൈ 17 ശനി | 9.30 am to 4.00pm | മണ്ണാർക്കാട് ഫൊറോന ഫൊറോന പാരിഷ്ഹാൾ |
| ജൂലൈ 24 ശനി | 9.30 am to 4.00pm | മേലാർക്കോട് ഫൊറോന മംഗലംഡാം പാരിഷ്ഹാൾ |
| ജൂലൈ 31 ശനി | 9.30 am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന ഫൊറോന പാരിഷ്ഹാൾ |
| ആഗസ്റ്റ് 7 ശനി | 9.30 am to 4.00pm | താവളം ഫൊറോന സെഹിയോൻ ധ്യാനകേന്ദ്രം |
| ആഗസ്റ്റ് 21 ശനി | 9.30 am to 4.00pm | ഒറ്റപ്പാലം ഫൊറോന ഫൊറോന പാരിഷ്ഹാൾ |
| ആഗസ്റ്റ് 28 ശനി | 9.30 am to 4.00pm | വടക്കഞ്ചേരി ഫൊറോന ചെറുപുഷ്പം സ്കൂൾ |
| സെപ്റ്റം. 18 ശനി | 9.30 am to 4.00pm | ഒലവക്കോട് ഫൊറോന ഫൊറോന പാരിഷ്ഹാൾ |

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം





# K.C.S.L

**രൂപതാതല ഉദ്ഘാടനം**

കെ.സി.എസ്.എൽ രൂപതാതല ഉദ്ഘാടനം ജൂലായ് 10 ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ സ്കൂളുകളിലെയും കെ. സി.എസ്.എൽ കൂട്ടുകാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ആനിമേറ്റേഴ്സ്**

എല്ലാ രൂപതാ ഭാരവാഹികളും ആനിമേറ്റേഴ്സും രൂപതാതല ഉദ്ഘാടന സമ്മേളനത്തിലേക്ക് വരുമല്ലോ..? രൂപതാ കെ.സി.എസ്.എൽ വിദ്യാർത്ഥി ഭാരവാഹികളെയും പ്രത്യേകം ക്ഷണിക്കുന്നു. അന്നുതന്നെ ആനിമേറ്റേഴ്സിന്റെ മീറ്റിങ്ങും ഉണ്ടായിരിക്കും.

**അഭിനന്ദനങ്ങൾ**

രൂപതാതല ഉദ്ഘാടന സമ്മേളനത്തിൽ എസ്.എസ്.എൽ.സി, ഹയർസെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിലും A+ നേടിയ കുട്ടികളെ ആദരിക്കുന്നു. എല്ലാ വിഷയത്തിനും A+ കിട്ടിയ കുട്ടികളുടെ പേരുകൾ എത്രയും വേഗം രൂപതാ കെ.സി.എസ്.എൽ ഓഫീസിൽ അറിയിക്കണെ. അന്നേ ദിവസം തന്നെ കല,കായികം, സാഹിത്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സംസ്ഥാന തല അവാർഡ് നേടിയ പ്രതിഭകളെ ആദരിക്കുന്നു. വിവരം രൂപതാ ഓഫീസിൽ അറിയിക്കുക.

**ആനിമേറ്റേഴ്സ് മീറ്റിങ്ങ്**

ജൂൺ 11,12 തിയതികളിൽ നടന്ന സംസ്ഥാനതല ആനിമേറ്റേഴ്സ് മീറ്റിങ്ങിൽ നമ്മുടെ രൂപതയിലെ 8 ആനിമേറ്റേഴ്സും സംസ്ഥാന ജനറൽ സെക്രട്ടറിയും പങ്കെടുത്തു. അഭിനന്ദനങ്ങൾ

**സ്ക്കൂളുകളിൽ പ്രവർത്തനോദ്ഘാടനം**

ആഗസ്റ്റ് 15-ാം തിയതിക്കുള്ളിൽ സ്ക്കൂളുകളിൽ അനുയോജ്യമായ ഒരു ദിവസം സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ച് പ്രവർത്തനോദ്ഘാടനം നടത്തുമല്ലോ.

**ഫാ. ആന്റോ കീറ്റിക്കൽ**
ഡയറക്ടർ, കെ. സി.എസ്.എൽ.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# സി എൽ സി.

**ദുക്റാന തിരുനാൾ**

ഭാരത മണ്ണിൽ വിശ്വാസ ദീപം തെളിച്ച വിശുദ്ധന്റെ സ്മരണ നമ്മുടെ വിശ്വാസത്തിന് നിറവ് നൽകട്ടെ തിരുനാൾ മംഗളങ്ങൾ.

**കർമ്മപദ്ധതി പ്രകാശനം 2010-2011**

2010-2011 വർഷത്തേക്കുള്ള സി എൽ സി കർമ്മപദ്ധതിയുടെ പ്രകാശനവും സെമിനാറും രൂപതാ പാസ്റ്ററൽ സെന്ററിൽ ജൂലൈ 10-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്ന നിലവിലുള്ള പുതിയ രൂപതാ ഭാരവാഹികളും എക്സിക്യൂട്ടീവ് അംഗങ്ങളും ഓരോ ഇടവകയിൽ നിന്ന് 5 പ്രതി നിധികളും, ആനിമേറ്റേഴ്സും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

സമയം 10.00 am രജിസ്ട്രേഷൻ<br>
10.30 am കർമ്മപദ്ധതി പ്രകാശനം<br>
11.00 to 3.30 pm സെമിനാർ

**നാമഹേതുക തിരുനാൾ**

ജൂലൈ 25 ഞായർ വി. യാക്കോബ് ശ്ലീഹ

വി. യാക്കോബ് ശ്ലീഹായുടെ നാമധാരിയായ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന് സി.എൽ.സി കുടുംബത്തിന്റെ ആശംസകൾ

**വി ഇഗ്നേഷ്യൻ ദിനാചരണം**

ജൂലൈ 30 ശനി, സി.എൽ.സി മദ്ധ്യസ്ഥനായ വി. ഇഗ്നേഷ്യസിന്റെ തിരുനാൾ യൂണിറ്റുകളിൽ ആഘോഷമായി കൊണ്ടാടുക. വിശുദ്ധനോട് പ്രത്യേകം പ്രാർത്ഥിക്കുക.

**5. 2010-2011 രൂപതാഭാരവാഹികൾ**

| | |
|---|---|
| ആനിമേറ്റർ | സി. വിനീത |
| പ്രസിഡന്റ് | ലൈജോ തോമസ്, മൈലംപുള്ളി |
| വൈസ്. പ്രസി. | സ്റ്റെജി വർഗ്ഗീസ്, തത്തമംഗലം |
| സെക്രട്ടറി | ഷിബിൻ, മാങ്കുറുശ്ശി |
| ജോ. സെക്രട്ടറി | ലോജിയ, മേലാർക്കോട് |
| ട്രഷറർ | നിതിൻ ജോർജ്ജ്, കത്തീഡ്രൽ |
| പ്രാർത്ഥന : | സി.എൽ.സി സംഘടനയുടെ വളർച്ചയ്ക്കു വേണ്ടി പ്രാർത്ഥിക്കുക |

**പഠനം**

വി. തോമാശ്ലീഹാ തിരുസഭാ ചരിത്രത്തിൽ<br>
പ്രവർത്തനം .സി.എൽ.സി സംഘടന ഊർജ്ജസ്വലമാക്കുക.

**ഫാ. ബിജു പ്ലാത്തോട്ടത്തിൽ,**<br>
ഡയറക്ടർ, സി.എൽ.സി.





# കെ.സി.വൈ.എം.

**അംഗത്വമാസാചരണം**

സംഘടനയുടെ പ്രവർത്തനങ്ങളെ സുഗമമാക്കാനും നവാഗതരെ സംഘടനയിലേക്ക് ക്ഷണിക്കാനും കെ.സി.വൈ.എം രൂപതാ സമിതി ജൂൺ - ജൂലായ് മാസം അംഗത്വമാസമായി ആചരിക്കുന്നു. പുതിയ അംഗങ്ങളെ സംഘടനയിൽ ചേർക്കുവാനും യുവജനങ്ങളുടെ പൂർണ്ണവിവരങ്ങൾ ചിട്ടപ്പെടുത്തുവാനും ശ്രദ്ധിക്കുക.

**പതാകവാരാചരണം**

കെ.സി.വൈ.എം രൂപതാ സമിതി ജൂലായ് 11-ാം തീയതി യുവജനദിനം ആഘോഷിക്കുന്നു. യൂണിറ്റുകളിൽ ജൂലായ് 1 മുതൽ 8 വരെ ഒരാഴ്ചക്കാലം നീണ്ടു നിൽക്കുന്ന പതാകവാരാചരണ കർമ്മ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഭവന സന്ദർശനം, ഏകദിന സെമിനാർ, ചർച്ചാക്ലാസുകൾ, പ്രാർത്ഥനാദിനം, ദിവ്യകാരുണ്യ ആരാധന, ജീവകാരുണ്യ പ്രവർത്തനങ്ങൾ ആദിയായ പ്രവർത്തനങ്ങൾ ഈ ദിവസങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്.

**ആനിമേറ്റേഴ്സ് മീറ്റിംഗ്**

ഈ മാസം 10-ാം തിയതി ആനിമേറ്റേഴ്സ് മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിശദവിവരങ്ങൾ അതത് ഫൊറോനകളിലെ ഭാരവാഹികൾ വഴി അറിയിക്കുന്നതാണ്.

**യുവജനദിനാഘോഷം**

കെ.സി.വൈ.എം രൂപതാസമിതിയുടെ നേതൃത്വത്തിൽ ജൂലായ് 11-ാം തിയതി പാലക്കാട് ഫൊറോന ആതിഥേയത്വം നൽകുന്ന യുവജനദിനാഘോഷം യാക്കര ഹോളിട്രിനിറ്റി ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30ന് പതാക ഉയർത്തൽ കർമ്മത്തോടുകൂടി യുവജനദിനാഘോഷങ്ങൾക്ക് തുടക്കം കുറിക്കും. തുടർന്ന് വിശുദ്ധകുർബാന, സെമിനാർ, പൊതുസമ്മേളനം, സ്നേഹവിരുന്ന് തുടങ്ങിയവ ഉണ്ടായിരിക്കും.

യുവജനദിനം ആഘോഷപൂർവ്വമായി തന്നെ യൂണിറ്റുകളിൽ പതാക ഉയർത്തി പ്രത്യേക പ്രാർത്ഥനകളും പ്രവർത്തനങ്ങളുമായി സമുചിതമായി ആചരിക്കണം.

NB: കഴിഞ്ഞ ബുള്ളറ്റിനിൽ സ്പെഷ്യൽ സെനറ്റിനോടനുബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികളുടെ വിവരങ്ങൾ സൂചിപ്പിച്ചിരുന്നല്ലോ. അതിൽ ചേർക്കാൻ വിട്ടുപോയത് താഴെ കൊടുക്കുന്നു.

*സെക്രട്ടറി - അനൂപ് മൈലംവേലിൽ, കാഞ്ഞിരപ്പുഴ ഫൊറോന*

**ഫാ. ആന്റോ തൈക്കാട്ടിൽ**<br>
ഡയറക്ടർ, കെ.സി.വൈ.എം.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# മാതൃസംഘം

പ്രപഞ്ചചൂഷണം ആരോഗ്യരംഗത്തെ ഗവേഷണങ്ങൾ.
Cloning, stem cell Research, Geno Therapy, Human Genome Project.
വാർദ്ധക്യ പരിപാലനം കുടുംബത്തിന്റെ ഉത്തരവാദിത്വം.

**അർദ്ധവാർഷിക ജനറൽബോഡി മീറ്റിംഗ് ഫാം**

ജൂലൈ 17 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് അർദ്ധവാർഷിക ജനറൽബോഡി മീറ്റിംഗ് ഫാം നടത്തപ്പെടുന്നു. എല്ലാ രൂപതാ ഫൊറോന യൂണിറ്റ് ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരു യൂണിറ്റിന് 100 രൂപ.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

# സി.എം.എൽ.

**പ്രിയ കുഞ്ഞു മിഷനറിമാരെ,**
നിങ്ങൾ പുതിയ പ്രവർത്തനവർഷത്തിന്റെ ഒരുക്കത്തിൽ ആയിരിക്കും എന്നു കരുതുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് എല്ലാ വിജയാശംസകളും നേരുന്നു. ശാഖാ ഇലക്ഷനുകൾ ജൂലൈ 4-ാം തിയ്യതിയോടുകൂടി പൂർത്തിയാക്കേണ്ടതാണ്. മാത്രമല്ല മാനുവൽ ഗ്രൂപ്പ് പുനഃസംഘടിപ്പിച്ച് മാനുവൽ ബുക്ക് പരിഷ്ക്കരിക്കൽ ആരംഭിക്കേണ്ടതുമാണ്.

**മാർഗ്ഗരേഖ പ്രകാശനം- രൂപതാകൗൺസിൽ**

2010-2011- പ്രവർത്തനവർഷത്തേക്കുള്ള മാർഗ്ഗരേഖ പ്രകാശനത്തിനും, പ്രവർത്തന വർഷ ഉദ്ഘാടനത്തിനും ആയി നമ്മൾ ജൂലൈ 10-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചു കൂടുന്നു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ കൂടുന്ന പ്രസ്തുത മീറ്റിംഗിൽ എല്ലാ ശാഖാ, മേഖല ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. എല്ലാ ശാഖകളും രൂപതാ വിഹിതമായി 150 രൂപ തരേണ്ടതാണ്. അന്നേ ദിവസം പുതിയ പ്രവർത്തന മാർഗ്ഗരേഖ എല്ലാവർക്കും തരുന്നതാണ്.

**ജൂലൈ** **കർമ്മപരിപാടികൾ**

3 -ശനി - വി. തോമ്മാശ്ലീഹായുടെ തിരുനാൾ
അസാധാരണ സമ്മേളനം, ദിവ്യ കാരുണ്യ സ്വീകരണം
അംഗത്വ സ്വീകരണം നടത്തുക.

**ചിന്താവിഷയം:** നമുക്കും അവനോടുകൂടെ പോയി മരിക്കാം.

4-ഞായർ- ശാഖകളിൽ സംസ്ഥാന ഫണ്ടിനായുള്ള ഒരു രൂപ കളക്ഷൻ





സ്വരൂപിക്കുക.
17- ശനി- മേഖലാ പ്രവർത്തന ഉദ്ഘാടനം നടത്തുക.
26-തിങ്കൾ- ചെറുപുഷ്പമിഷൻ ലീഗ് ഉദ്ഘാടകൻ അഭിവന്ദ്യ മാർ. തോമസ് തറയിൽ ചരമദിനം.
28- ബുധൻ- വി. അൽഫോൻസാമ്മയുടെ തിരുനാൾ
അസാധാരണ സമ്മേളനവും, ദിവ്യകാരുണ്യ സ്വീകരണവും നടത്തുക.
**ചിന്താവിഷയം:** വി. അൽഫോൻസാമ്മയുടെ പ്രേക്ഷിത തീഷ്ണതയിൽ ജ്വലിച്ച കുഞ്ഞേട്ടൻ.
31. ശനി- സംസ്ഥാന പ്രവർത്തനഫണ്ട്,ശാഖാ, മേഖലാ റിപ്പോർട്ടുകൾ രൂപതയിൽ ഏല്പിക്കുക.

**പ്രാർത്ഥനാ നിയോഗം** : കേരള സഭയ്ക്കുവേണ്ടി.
ശാഖ സാഹിത്യമത്സരം നടത്തുക.
ശാഖകളിൽ ഭവന സന്ദർശനം നടത്തുക.
ശാഖാ സെമിനാറുകൾ ഗ്രൂപ്പ് ലീഡേഴ്സിനു വേണ്ടി
(വിഷയം മാധ്യമങ്ങളിലൂടെ പ്രേഷിത പ്രവർത്തനം)

**സുകൃതജപം:** വി. തോമാശ്ലീഹായെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ..
പി. തോമ്മാശ്ലീഹായുടെയും, വി. അൽഫോൻസാമ്മയുടെയും തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട്

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി. എം. എൽ.

# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ജൂലൈ | 4-9 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർഖാൻ വട്ടായിൽ |
| ജൂലൈ | 11-16 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂലൈ | 18-23 | പ്രീസ്റ്റ് പവർ കോൺഫറൻസ്<br>ഫാ. സേവ്യർഖാൻ വട്ടായിൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 253333, 253647.

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

ജൂലൈ 4 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധിപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ജൂലൈ 18 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2010 ജൂലൈ 4 മുതൽ 9 വരെ 18 മുതൽ 23 വരെ

ഫാ. ജോർജ്ജ് കുന്നേൽ

**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**

# Family Apostolate

**പ്രീകാന കോഴ്സ്**

**ജൂലൈ 5, 6 7, 8 ആഗസ്റ്റ് 2, 3, 4, 5**

തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**

ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.





# നവീകരണ മുന്നേറ്റം

**ഏകദിന ദമ്പതീ കൺവെൻഷൻ**

ജൂലൈ 3-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് ഏകദിന ദമ്പതീ കൺവെൻഷൻ നടത്തുന്നു. എല്ലാ ദമ്പതികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പ്രാർത്ഥിക്കണെ... വരണേ...

**കെ. എസ്. ടി. സന്ദർശനം**

കെ.എസ്.ടി. ചെയർമാൻ ജോസ് അഞ്ചാനിക്കൽ അച്ചനും ടീം അംഗങ്ങളും 05-07-2010 തിങ്കളാഴ്ച പാലക്കാട് സോണിൽ സന്ദർശനം നടത്തുന്നു. സോണൽ സേവനസമിതി അംഗങ്ങൾ, സബ്ബ് സോൺ കോ-ഓഡിനേറ്റർമാർ എന്നിവർ അന്നേദിവസം പാസ്റ്ററൽ സെന്ററിൽ കൂടേണ്ടതാണ്. സമയം രാവിലെ 9.30 മുതൽ 3.30 വരെ.

**ലീഡേഴ്സ് കൂട്ടായ്മ**

സോൺ തലത്തിൽ പതിവുള്ള ലീഡേഴ്സ് കൂട്ടായ്മ ജൂലൈ മാസം 23 വെള്ളിയാഴ്ച (ജാഗരണപ്രാർത്ഥനയുടെ തലേ വെള്ളിയാഴ്ച) രാവിലെ 10.00 മുതൽ 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. വിവിധ മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ, സബ്സോൺ, സോൺ സേവനസമിതിയംഗങ്ങൾ, പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സ് തുടങ്ങി നവീകരണമുന്നേറ്റത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാവരും പങ്കെടുക്കേണ്ടതാണ്.

**ജാഗരണപ്രാർത്ഥന**

പാലക്കാട് സോണൽ കരിസ്മാറ്റിക് സർവ്വീസ് ടീം നേതൃത്വം നൽകുന്ന ജാഗരണപ്രാർത്ഥന 2010 ജൂലൈ 30ന് വെള്ളിയാഴ്ച രാത്രി 7 മണി മുതൽ പിറ്റേന്ന് രാവിലെ 5.00 മണിവരെ പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ വെച്ച് നടത്തുന്നു.

ഫാ. റെനി പുല്ലുകാലായിൽ, ശ്രീ ഓനച്ചൻ (അസ്സീസി ഭരണങ്ങാനം) എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. ഈ രാത്രിയിൽ അനേകർക്കൊപ്പം നമുക്കും പ്രാർത്ഥനയിൽ പങ്കുചേരാം, അനുഗ്രഹങ്ങൾ പ്രാപിക്കാൻ.

**ക്രിസ്റ്റീൻ മൂവ്മെന്റ്**

സോണൽ ഡയറക്ടർ ബഹു. റെനി പുല്ലുകാലായിൽ അച്ചൻ നേതൃത്വം നൽകുന്ന ക്രിസ്റ്റീൻ ധ്യാനം ജൂലൈ 3, 4 തിയ്യതികളിൽ മാങ്കാവ് ഇടവകയിലെ കുട്ടികൾക്ക്.

**ഫാ. റെനി പുല്ലുകാലായിൽ**

ഡയറക്ടർ, നവീകരണമുന്നേറ്റം.



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# പി.എസ്.എസ്.പി.

**ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും സേവ് എ ഫാമിലി സ്പോൺസേഴ്സിന്റെയും ശ്രദ്ധയ്ക്ക്**

സേവ് എ ഫാമിലി പ്ലാനിലേയ്ക്ക് പുതിയ കുടുംബങ്ങളെ സെലക്റ്റ് ചെയ്യുന്നു. ആലത്തൂർ, ഒറ്റപ്പാലം, അട്ടപ്പാടി എന്നീ ബ്ലോക്കുകളിൽ നിന്നാണ് അടുത്ത 5 വർഷത്തേക്ക് സേവ് എ ഫാമിലി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. തീർത്തും അർഹരായവരെ മാത്രമെ സേവ് എ ഫാമിലിയിലേക്ക് തിരഞ്ഞെടുക്കാൻ പാടുള്ളൂ.

സേവ് എ ഫാമിലി സഹായം ലഭിക്കണമെന്ന് താല്പര്യമുള്ള ഇടവകകളിൽ സ്വയം സഹായ സംഘങ്ങൾ (SHGS) ഉണ്ടായിരിക്കേണ്ടതാണ്. സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നേതൃത്വം ബഹുമാപ്പെട്ട വികാരി അച്ചന്മാർ ഏറ്റെടുക്കണമെന്ന് അപേക്ഷിക്കുന്നു. പി.എസ്.എസ്.പിയിൽ നിന്ന് സഹായിക്കുന്നതാണ്.

**പശ്ചിമ ഘട്ട വികസന പദ്ധതിയുടെ ഭാഗമായി തടുക്കശ്ശേരി**

പശ്ചിമ ഘട്ട വികസന പദ്ധതിയുടെ ഭാഗമായി കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ തടുക്കശ്ശേരി വാട്ടർഷെഡിൽ കുളങ്ങളുടേയും, ചെക്കുഡാമുകളുടേയും തോടുകളുടേയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നു.

**ജില്ലാ വിമൻസ് ഫെഡ്**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് 7-7-10 ന് ബുധനാഴ്ച പി എസ് എസ് പിയിൽ വച്ച് കാലത്ത് 11 മണിക്ക് കൂടുന്നു.

**ബ്ലോക്കുഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 6.7.2010 | വ്യാഴം | ആലത്തൂർ | FCC വടക്കുഞ്ചേരി | 11.00 am |
| 37201 | വ്യാഴം | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 11.00 am |
| 9.7.2010 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 02.00 pm |
| 12.7.2010 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11.00 am |
| 14.7.201 | ബുധൻ | മണ്ണാർക്കാട് | കരിമ്പ | 11.00 am |
| 14.7.2010 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 11.00 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.7.2010 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11.00 am TO 02.00 pm |
| 20.7.2010 | ചൊവ്വ | സാൻജോ ടവ്വർ | 10.00 am TO 02.00 pm |
| 21.7.2010 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11.00 am TO 02.00 pm |





**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി നടത്തി വരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 300 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളേയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പി എസ് എസ് പി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**തൊഴിൽ പരിശീലനങ്ങൾ**

ബദൽ ജീവിത ശൈലിയുടെ ഭാഗമായി നിത്യോപയോഗ സാധനങ്ങളുടെ (വിവിധ തരം സോപ്പുകൾ, സോപ്പു പൊടികൾ, തുള്ളിനീലം, ഫിനോയിൽ, ചന്ദനത്തിരി, വിക്സ്, ഹാർപിക്, ബ്ലീച്ച് തുടങ്ങി പത്തുതരം ഉല്പന്നങ്ങളുടെ ) നിർമ്മാണ വിപണന പരിശീലനം പി എസ് എസ് പി നൽകുന്നു. പഠിക്കാൻ താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

## കൗൺസിലിംഗ് സർട്ടിഫിക്കറ്റ് കോഴ്സ്

പാലക്കാട് ഫാമിലി വെൽനെസ് സെന്ററിൽ ജൂലൈ നാലുമുതൽ തുടങ്ങുന്ന 15-ാം ബാച്ച് കൗൺസിലിംഗ് കോഴ്സിൽ മനഃശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ കൗൺസിലിംഗും പരിശീലനവും നൽകുന്നു.150 മണിക്കൂറുകൾ കൊണ്ട് പൂർത്തിയാകുന്ന ഈ കോഴ്സ് ഞായറാഴ്ചകളിൽ 2.00 മുതൽ 5.30 മണിവരെയാണ്.

മാനസിക സംഘർഷങ്ങളും മനസിന്റെ താളപ്പിഴകളും വ്യക്തിയുടെ പ്രവർത്തനത്തെ തകിടം മറിക്കുന്നു. തിരക്കുപിടിച്ച ആധുനിക ലോകത്ത് സംഘർഷങ്ങൾ ഏറികൊണ്ടിരിക്കുന്നു. കുടുംബങ്ങൾ, വിദ്യാലയങ്ങൾ, കലാലയം, ആതുരാലയങ്ങൾ, മനോരോഗചികിത്സാകേന്ദ്രങ്ങൾ, ബിസിനസ് സാഹചര്യങ്ങൾ, വ്യവസായ മേഖലകൾ ഇവിടെയെല്ലാം കൗൺസിലിംഗിന്റെ ആവശ്യകത കൂടി വരുന്നു. എല്ലാ തുറകളിലും ബന്ധങ്ങൾ സുദൃഢമാക്കാൻ കൗൺസിലിംഗ് ആവശ്യഘടകമാണ്. ഏറെ പ്രസക്തിയുള്ള ഈ കൗൺസിലിംഗ് മേഖലയിലേക്ക് നിങ്ങൾക്ക് സ്വാഗതം. താൽപര്യമുള്ളവർ 0491 2530680, 9846675686 എന്ന നമ്പറുകളിൽ ബന്ധപ്പെടണം.

**Family Wellness Centre, I.F.D.F.,**
**Kunnathurmedu, Palakkad- 678 013**



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# From the Bishop's Diary

**2010 മെയ്**

24 – കത്തീഡ്രൽ ഇടവകാംഗം പുലിക്കോട്ടിൽ ത്രേസ്യാ തോമസിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

25 – മുണ്ടൂർ യുവക്ഷേത്രയിൽ ആലോചനാ സമിതിയുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

24-25 യുവക്ഷേത്രയിൽ രൂപതാ വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

26 – ആളൂരിൽ ഫാ. തോമസ് അച്ചാണ്ടിയുടെ സഹോദരൻ പോളിയുടെ മൃതദേഹ സംസ്ക്കാരത്തിന് കാർമ്മികത്വം വഹിച്ചു.

27 – പൊന്നംകോട് സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഡൊമിനിക് ഐപ്പൻപറമ്പിൽ അച്ചന്റെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

28 – ധർമ്മരാജ്യവേദി സംഘടിപ്പിച്ച ധർമ്മരാജ്യ സന്ദേശയാത്രയോടനുബന്ധിച്ച് പാലക്കാട് പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച മദ്യവർജ്ജന ബോധവത്ക്കരണ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

29 – പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെട്ട;

– രൂപതാമതബോധന വർഷം ഉദ്ഘാടനം ചെയ്തു.

– പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– ക്രീസ്റ്റീൻ ധ്യാനത്തിൽ സംബന്ധിച്ച കുട്ടികൾക്ക് സന്ദേശം നൽകി.

– വാഹനാപകടത്തിൽ മരിച്ച ഫാ. സണ്ണി പാറയിൽ സി.എം.ഐയുടെ മൃതദേഹം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി.

30 – ത്രിത്വമല ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.

– കരിമ്പ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ സണ്ണി പാറയിൽ അച്ചന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.





**ജൂൺ 2010**

2 – മുണ്ടൂർ യുവക്ഷേത്രയിൽ യുവക്ഷേത്ര ട്രസ്റ്റിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

3 – നീതിപുരം സെന്റ് ജോസഫ് ദൈവാലയത്തിൽ ഫിലിപ്പ് (കൊച്ചേട്ടൻ) നിരപ്പേലിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

4 – കത്തീഡ്രൽ ഇടവകാംഗം യാക്കോബ് ചേട്ടന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

5 – ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് കത്തീഡ്രലിൽ വൃക്ഷതൈ നട്ടു.

– രൂപതാ രജിസ്ട്രേഡ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– പ്രെസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

6 – ചിറ്റടി മരിയനഗർ ദൈവാലയത്തിൽ സെമിത്തേരി വെഞ്ചരിച്ചു വി. കുർബാനയർപ്പിച്ചു.

7 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സെമിനാരി കമ്മിഷനുകളുടെ സംയുക്തസമ്മേളനത്തിൽ സംബന്ധിച്ചു.

8-10 പി.ഒ.സിയിൽ വെച്ച് നടത്തപ്പെട്ട കെ. സി. ബി. സി. സമ്മേളനത്തിൽ സംബന്ധിച്ചു.

10 – ഉല്ലല ദൈവാലയത്തിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

11 – പാലന ആശുപത്രിയിൽ തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

– കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

***********



**Palakkad Rupatha Bulletin**
Editor: Fr. Jaimon Pallineerakkal, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.